(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഈ പ്രദേശത്ത് വെള്ളം എത്തിക്കുന്നതിനായി ഏഴ് കിലോമീറ്ററോളം നീളത്തിൽ പൈപ്പ് ലൈൻ ഇടുകയും പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അതിനുംപുറമെ 1.75 കിലോമീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. നെടുമങ്ങാട് ശുദ്ധജല വിതരണ പദ്ധതി കമ്മിഷൻ ചെയ്യുന്നതോടുകൂടി ഈ പ്രദേശത്ത് ശുദ്ധജലവിതരണം നടപ്പിലാക്കുന്നതാണ്.

39 (205) വെള്ളപ്പൊക്ക നിയന്ത്രണം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്ക നിയന്ത്രണം ലക്ഷ്യമാക്കി എന്തെങ്കിലും പരിപാടിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ഈ സാമ്പത്തികവർഷം എന്തു തുക വക കൊള്ളിച്ചിരുന്നു എന്നും, അതിൽ എന്ത് തുക ഇതുവരെ ചെലവായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിവാരണത്തിനായി പഠനം നടത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാർ അംഗീകാരം നൽകി നടപ്പിലാക്കിവരുന്നു. കോഴിക്കോട്, എറണാകുളം തുടങ്ങിയ നഗരങ്ങളിലും വെള്ളപ്പൊക്ക നിവാരണത്തിനായി ഇതേ രീതിയിൽ പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. മറ്റ് പ്രദേശങ്ങളിലെ വെള്ളപ്പൊക്കനിയന്ത്രണത്തിനായി അതാത് പ്രദേശങ്ങളിൽക്കൂടി ഒഴുകുന്ന നദികൾ, കനാലുകൾ, തോടുകൾ എന്നിവയിൽക്കൂടിയുള്ള ജലനിർഗമനം എളുപ്പമായി. മഴവെള്ളം ഏറ്റവും എളുപ്പത്തിൽ കടലിലേയ്ക്ക് ഒഴുക്കികളയുക എന്ന പ്രവൃത്തിയാണ് മുഖ്യമായും ജലസേചനവകുപ്പ് നടപ്പിലാക്കിവരുന്നത്. ഇതിലേക്കായി ഏറ്റവും അത്യാവശ്യമായി വരുന്ന ഭാഗങ്ങളിൽമാത്രം നദികളുടെയും തോടുകളുടെയും പാർശ്വങ്ങളിൽ ഫ്ളഡ് ബണ്ടുകളും സംരക്ഷണഭിത്തികളും കെട്ടി സംരക്ഷിക്കുക, ജലനിർഗമനമാർഗ്ഗങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണ്ണും നീക്കം ചെയ്യുക തുടങ്ങിയ പണികളാണ് പ്രധാനമായും ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വെള്ളപ്പൊക്കം ഉണ്ടാകുന്ന നദികളിലെ മണ്ണൊലിപ്പ് തടയുന്നതിന് കേന്ദ്ര ഗവൺമെന്റ് ഒരു സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം നമ്മുടെ നദികളുടെ വശങ്ങളെ സംരക്ഷിക്കുന്നതിനായി 44 സ്കീമുകൾ വിഭാവനം ചെയ്ത് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 6233.50 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഈ റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വെള്ളപ്പൊക്ക നിവാരണത്തിനായി ഈ സാമ്പത്തികവർഷം 1307 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഇതിൽ 787 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

40 (206) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി

ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്;

(ബി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) ഇനിയും മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത മേഖലകളിൽ കാലതാമസം കൂടാതെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1990-നുശേഷം മിനിമം വേജസ് പുതുക്കി നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകൾ താഴെപ്പറയുന്നു.

(1) മെഡിക്കൽഷോപ്പുകളിലെ ഫാർമസിസ്റ്റുകൾ.
(2) അഗ്രിക്കൾച്ചറൽ ഓപ്പറേഷൻസ്.
(3) കമുകുകയറ്റവും ഡയറിഫാമുകളും.
(4) ടിമ്പർ ആന്റ് പ്ലൈവുഡ്.
(5) കള്ളുചെത്ത് വ്യവസായം.
(6) ഓയിൽ മിൽ വ്യവസായം.
(7) കൊപ്രാ വ്യവസായം.
(8) ബീഡി സിഗാർ വ്യവസായം.
(9) പ്രിന്റിംഗ് പ്രസ്സ്.
(10) ഹാന്റ്ലിംഗ് ആൻഡ് കെയർ ഓഫ് എലിഫെന്റ്സ്.
(11) റൈസ് മിൽ, ഫ്ളോർമിൽ, ദാൽ മിൽ.
(12) ഐസ് ഫാക്ടറീസ്.
(13) തീപ്പെട്ടി വ്യവസായം.
(14) ഹോസ്റ്റലുകൾ.

LIBRARY ARCHIVES Kerala Legislative Assembly